# സ്വാതി നക്ഷത്രം

**സ്വാതിതിരുനാളിൻെറ**

**175–ാം ജന്മദിനം**

**തിങ്കളാഴ്ച**

''ഓമനത്തിങ്കൾക്കിടാവോ–നല്ല

കോമളത്താമരപ്പൂവോ''

**ആ** മനോഹരഗാനം, കേരളത്തിൻെറ അനന്യഗീതം, ആ താരാട്ട്, ശാശ്വതസംഗീതമായി കേരളീയ ഗൃഹങ്ങളിൽ എന്നും മാറെറാലിക്കൊള്ളും. കേരളമുള്ളിടത്തോളം കാലം ആ താരാട്ടുപാട്ടു ശ്രവിച്ചായിരിക്കും കുഞ്ഞുങ്ങൾ വളരുക. എന്നാൽ അത് ആർക്കുവേണ്ടി ആരു രചിച്ചു എന്നകാര്യം അധികം പേർക്കറിയില്ല.

സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവു ഗർഭശ്രീമാനായി 1813 ഏപ്രിൽ 16–ന് അവതരിച്ചു. റാണി ഗൗരി ലക്ഷ്മീബായിത്തമ്പുരാട്ടിയുടെയും ചങ്ങാനാശേരി രാജരാജവർമ്മ കോയിത്തമ്പുരാൻെറയും ഓമനപ്പുത്രനായി ജനിച്ച ആ ശിശുവിനുവേണ്ടി കലാകോവിദനും കവിയുമായ ഇരയിമ്മൻതമ്പി രചിച്ച ഗാനമാണ് ആ താരാട്ട് അതിൻെറ ഭാവചാരുതയും ഗാനമാധുര്യവും വിവരണാതീതമായിരിക്കുന്നതുപോലെ അതിൽ പ്രതിപാദിതനാകുന്ന വ്യക്തിയും വർണനാതീതമായ ജീവിതസംഭാവനകൾ കൊണ്ടു നമ്മേ സമ്പന്നരാക്കിയ മഹാപുരുഷനായിരുന്നു.

ഈ വർഷം മേടം സ്വാതിനക്ഷത്രം സ്വാതിതിരുനാൾ മഹാരാജാവിൻെറ 175–ാം ജന്മദിനം. കേന്ദ്രഗവൺമെൻെറ് ഈ ദിനത്തെയും ഈ പുണ്യപുരുഷനെയും ആദരിച്ച് ഒരു സ്മരണികാസ്റ്റാമ്പ് പുറപ്പെടുവിക്കുന്നു എന്നതും ശ്ലാഘനീയമാണ്. സംഗീത ലോകം ഇന്നു തിരുമനസ്സിലേക്കു സ്മരണാഞ്ജലിയർപ്പിക്കുന്നു.

ആധുനിക തിരുവിതാംകൂറിൻെറ ശില്പിയായി മാർത്താണ്ഡവർമ്മ മഹാരാജാവിനെയാണു ചരിത്രം വാഴ്ത്തുന്നത്. കാർത്തികതിരുനാൾ ആകട്ടെ, മാർത്തണ്ഡവർമ്മ ചെയ്തതു പൂർത്തീകരിച്ച ധർമ്മരാജാവും. എന്നാൽ സ്വാതിതിരുനാൾ തിരുവിതാംകൂറിനു സമഗ്രമായ ചൈതന്യം നൽകി നവീകരിച്ച ഒരു ചരിത്രപുരുഷനായിരുന്നു. നക്ഷത്രബംഗ്ലാവ്, മൃഗശാല, പബ്ലിക് ലൈബ്രറി, ജനറൽ ഹോസ്പിററൽ, ഡെയറി, മാനുസ്ക്രിപ്ററ്സ് ലൈബ്രറി തുടങ്ങി എത്രയോ സ്ഥാപനങ്ങൾ അദ്ദേഹത്തിൻെറ ഭരണകാലത്തുണ്ടായി! സൈനിക പരിഷ്കാരം, വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ആധുനീകരണം, കലാപ്രോൽസാഹനം, അച്ചടിശാല ആരംഭിക്കൽ തുടങ്ങി ദീർഘവീക്ഷണത്തോടെ ചെയ്ത കാര്യങ്ങൾ ഒട്ടനവധിയാണ്. ആദ്യമായി സെൻസസ് ഏർപ്പെടുത്തി ജനസംഖ്യാനിർണ്ണയം ചെയ്തതും നിയമവകുപ്പു സംഘടിപ്പിച്ചു ഭരണക്രമം സജ്ജീകരിച്ചതും എടുത്തുപറയേണ്ടതുണ്ട്.

സ്വരാജ്യത്തെയും പ്രജകളെയും പരമാവധി ക്ഷേമപ്രവർത്തനങ്ങൾകൊണ്ടു സഹായിക്കുകയും ജനജീവിതം വ്യവസ്ഥപ്പെടുത്തുകയും ചെയ്തതു സ്വാതിതിരുനാളിൻെറ ഭരണനൈപുണ്യത്തിൻെറ ഉത്തമദർശനമാണ്. തൻെറ ഭരണകാര്യ നിർവഹണത്തിൽ അനാവശ്യമായി ഇടപെട്ട് അലോസരം ഉളവാക്കിയ കല്ലൻ പ്രഭൃതികളായ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാർ മഹാരാജാവിനു നൽകിയ മാനസികവേദന നിസ്സാരമല്ലായിരുന്നു. സ്വന്തം മനഃക്ലേശങ്ങളിൽ നിന്നു തിരുമനസ്സുകൊണ്ടു രക്ഷനേടിയിരുന്നുതു കലാസപര്യയിലൂടെയായിരുന്നു. മാതാവു റാണി ഗൗരീ ലക്ഷ്മീബായി തമ്പുരാട്ടി, ഇളയമ്മ റാണി ഗൗരി പാർവതീബായി തമ്പുരാട്ടി എന്നിവരിൽ നിന്നു ജനിച്ച സംഗീതപ്രേമവും കലാഭിരുചിയും കുട്ടിക്കാലത്തുതന്നെ പരിപോഷിതമായിരുന്നു. വായ്പാട്ട്, വീണാവാദനം,

സ്വരബത്ത് വായന എന്നിവയിൽ പ്രവീണ്യം നേടിയ ആ കലാകാരൻ വിവിധ ഭാഷകളും വേദ പുരാണ ശാസ്ത്രാദികളും ആധുനിക വിദ്യാഭ്യാസ വിഷയങ്ങളുമെല്ലാം കുട്ടിക്കാലം മുതൽ പഠിച്ചുതുടങ്ങിയിരുന്നു. എല്ലാത്തിലും വൈദഗ്ദ്ധ്യം ആർജിച്ചിരുന്ന അദ്ദേഹത്തിനു തെലുങ്ക്, കർണ്ണാടകം, ഹിന്ദുസ്ഥാനി, പേഴ്സ്യൻ, ഇംഗ്ലീഷ്, സംസ്കൃതം, തമിഴ് തുടങ്ങി പതിനെട്ടു ഭാഷകൾ സുഗ്രഹമായിരുന്നു. ഭാഗവതാദിപുരാണങ്ങൾ, ഭരണതന്ത്രം, ജ്യോതിഷം, ചരിത്രം എന്നിങ്ങനെ പല വിഷയങ്ങളിലും ദൃഢപരിജ്ഞാനം അവിടുന്നു നേടി ഏതൊരു അധ്യാപകനെയും അദ്ഭുതപ്പെടുത്തിയിരുന്നു. രവിവർമ്മൻ തമ്പി, കിളിമാനൂർ വിദ്വാൻ (ചെറുണ്ണി) കോയിത്തമ്പുരാൻ തുടങ്ങിയ കലാകാരന്മാരുടെ സാന്നിദ്ധ്യവും സ്വാതിതിരുനാളിൻെറ വ്യക്തിത്വ വികാസത്തിനു സഹായകമായി.

ചെറുപ്പത്തിൽത്തന്നെ ആരംഭിച്ച രചനാ പ്രവർത്തനം മൂലം അസംഖ്യം കൃതികൾ തിരുമനസ്സുകൊണ്ട് എഴുതി. ഭക്തി മഞ്ജരി - (നാരായണീയ മാതൃകയിൽ ഭാഗവത സംബന്ധിയായി 1000 ശ്ലോകങ്ങളിൽ രചിക്കപ്പെട്ട സംസ്കൃത കാവ്യം), ശ്രീപത്മനാഭ ശതകം (100 സംസ്കൃത ശ്ലോകങ്ങളിൽ വർണിതമായ സ്തോത്രരം), സ്യാനന്ദൂര പുരവർണന പ്രബന്ധം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തെയും തിരുവനന്തപുരത്തേയും പററിയുളള സംസ്കൃത ചമ്പു), മുഹനാ പ്രാസാന്ത്യ പ്രാസവ്യവസ്ഥ (സംഗീത ശാസ്ത്ര ഗ്രന്ഥം), അന്യാപദേശ ശതകവ്യാഖ്യ (നീലകണ്ഠദീക്ഷിതരുടെ അന്യാപദേശ ശതകത്തിനു സംസ്കൃതത്തിൽ രചിച്ച വ്യാഖ്യാനം), കുചേലോപാഖ്യാനം, അജാമിളോപാഖ്യാനം (ഹരികഥാകാലാക്ഷേപത്തിനു വേണ്ടി രചിക്കപ്പെട്ട ഗേയ കാവ്യങ്ങൾ), ഉൽസവ പ്രബന്ധം (ഭാഷാകാവ്യംഃ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉൽസവത്തിൻെറ വർണന) എന്നിവയ്ക്കു പുറമേ മുന്നൂററിയറുപതോളം സംഗീത രചനകളും ഉണ്ട്.

ഗോപികാവസന്തം, മലയമാരുതം തുടങ്ങിയ അപൂർവ രാഗങ്ങൾ ഉൾപ്പെടെ അനേകം രാഗങ്ങളിലായി നിബന്ധിക്കപ്പെട്ട സംഗീതകൃതികൾ സംസ്കൃതം, മലയാളം, മണിപ്രവാളം, കർണാടകം, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽപ്പെടുന്നു. വർണ്ണം, പദം, കീർത്തനം, തില്ലാന, സ്വരജതി എന്നീ ഇനങ്ങളിലെല്ലാമുണ്ട് സംഗീത രചനകൾ. നവരത്നമാലിക കീർത്തനങ്ങൾ (നവവിധ ഭക്തി കീർത്തനങ്ങൾ), നവരാത്രി കീർത്തനങ്ങൾ തുടങ്ങിയവ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുളളവയാണ്. ഇന്ന് അറിയപ്പെടുന്ന തരത്തിൽ മോഹിനിയാട്ടത്തെ വ്യവസ്ഥപ്പെടുത്തിയ മഹാരാജാവ് ആ നൃത്ത രൂപത്തിനുതകും വിധം സ്തപ വർണ്ണം, ശൃംഗര വർണ്ണം, പദം തുടങ്ങിയ വിഭാഗങ്ങളിലായി അനേകം കൃതികൾ രചിച്ചിട്ടുണ്ട്. നവരാത്രിക്കച്ചേരി സദസ് കേരളത്തിലെ 'കച്ചേരി' സമ്പ്രാദയത്തിനു തുടക്കം കുറിച്ചു.

ദാക്ഷിണാത്യരും ഔത്തരായരുമായ അനേകം കലാകാരന്മാർ സ്വാതിതിരുനാളിൻെറ സദസ്സിനെ അലങ്കരിച്ചിരുന്നു. എത്രയോ അധികം പേരെയാണ് തിരുമനസ്സുകൊണ്ടു സമ്മാനങ്ങൾ നൽകിയും പാരിതോഷികവും വേതനവും മററും സമ്മാനിച്ചും ഇവിടെ പുലർത്തിയത്! മേരുസ്വാമികൾ, ഷഡ്കാലഗോവിന്ദമാരാർ വടിവേലു സഹോദരന്മാർ തുടങ്ങി പലരേയും ഇവിടെ സ്മരിക്കാം. തിരുമനസ്സ് 1846-ൽ അന്തരിക്കുമ്പോൾ കേവലം 33 വയസ്സേ ഉണ്ടായിരുന്നുളളു. കഷ്ടിച്ചു രണ്ടു ദശാബ്ദക്കാലത്തെ ഭരണ പ്രവർത്തനവും, കലാ, പരിസേവനവും കൊണ്ടു കേരളത്തിൻെറ സംസ്കാരിക ചരിത്രത്തിൽ അക്ഷയ ഭാസ്സോടെ അവിടുന്നു വിരാജിക്കുന്നു. ധ്രുവതാരകം പോലെ ഈ സ്വാതിനക്ഷത്രം കേരളീയ കലാലോക പവിത്രനഭസ്സിനെ എന്നെന്നും പ്രകാശമാനവും സമ്പന്നവുമാക്കി വർത്തിക്കുമെന്നതു നിസ്സംശയമത്രെ.